(ബി) ഇതു സംബന്ധമായി ജില്ലാതല കംപ്ലെയിന്റ് കമ്മിറ്റിയുടെ ശുപാർശ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(സി) ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടിയാൾക്കെതിരെ ക്രിമിനൽ കേസുകൾ നിലവിലുള്ളതായി അറിയാം. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യാൻ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ & എഫ്) ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിലെ സൂപ്രണ്ടിനും ഇതര സ്റ്റാഫുകൾക്കു മെതിരെയുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കൽ

139 [1666] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ കടയ്ക്കൽ ഗവ. ആശുപത്രിയിലെ ഡോ. എം. എം. റാവുത്തറുടേയും മറ്റു സ്റ്റാഫുകളുടേയും പൊതുജനങ്ങളോടുള്ള പെരുമാറ്റത്തേയും ചികിൽസ നിഷേധിക്കലിനേയും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർ നടപടികൾ കൈക്കൊള്ളു മെന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രി സൂപ്രണ്ടിന്റെയും ഇതരസ്റ്റാഫുകളുടെയും പെരുമാറ്റത്തിലും കൃത്യനിർവ്വഹണത്തിലും വന്നിട്ടുള്ള പാകപ്പിഴകൾ അന്വേഷിച്ച ഡി.എം.ഒ.യുടെ റിപ്പോർട്ടിലെ വിശദാംശം വെളിപ്പെടുത്തുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) അന്വേഷണ റിപ്പോർട്ടിൻമേൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഇ) നടപടി സ്വീകരിച്ചില്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി അടിയന്തിരമായി അന്വേഷണം നടത്തുവാൻ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറോട് (ആരോഗ്യം) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി, ഡി, & ഇ.) കൊല്ലാം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

---

† അനുബന്ധം VI.